**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 43** **10-06-2024 - ൽ മറുപടിയ്ക്ക്**

**പെരിയാറിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്ന കമ്പനികൾക്കെതിരെ സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ; | (എ) | 20.05.2024- ന് മത്സ്യങ്ങൾ ചത്തുപൊങ്ങിയ പെരിയാറിലെ ഏലൂർ ഫെറി ഭാഗത്ത് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സർവൈലൻസ് ടീം പരിശോധന നടത്തുകയുണ്ടായി. Dissolved Oxygen (DO) മത്സ്യങ്ങൾക്ക് ജീവിക്കുന്നതിനാവശ്യമായ അളവിലും കുറവാണെന്ന് ജല സാമ്പിളിലന്റെ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.<br><br>മഴ ശക്തിപ്പെട്ടിതിനെ തുടർന്ന് പാതാളം regulator cum bridge -ന്റെ ഷട്ടറുകൾ തുറന്നപ്പോൾ regulator ന്റെ മുകൾവശത്തു നിന്ന് Dissolved Oxygen ലെവൽ കുറഞ്ഞ ജലം, കൂടിയ അളവിൽ regulator ന്റെ താഴേക്കു ഒഴുകിയത് മത്സ്യനാശത്തിനു കാരണമായെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. ബണ്ട് അടഞ്ഞു കിടക്കുന്ന വേനൽമാസങ്ങളിൽ ബണ്ടിനു മുകൾഭാഗത്തുള്ള നിരവധി ജനവാസമേഖലകളിലൂടെ ഒഴുകി വരുന്ന ജൈവമാലിന്യങ്ങൾ പുഴയിൽ എത്തുന്നതും അവ regulator-നു അടിത്തട്ടിലേക്ക് അടിയുന്നതും അവിടെ Dissolved Oxygen (DO) ലെവൽ കുറയുന്നതിന് കാരണമാകുന്നുണ്ട്.<br><br>പെരിയാർ നദിയിലേയ്ക്ക് treated effluent അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽ നിന്നും മലിനജലം പുറംതള്ളുന്നതായി കണ്ടെത്തിയിട്ടില്ല. അതേ സമയം ഒരു സ്വകാര്യ chicken waste rendering unit - ൽ നിന്ന് മലിനജലം പുറത്തേക്ക് ഒഴുക്കിയതിന്റെ ലക്ഷണങ്ങൾ കണ്ടതിന്റെ അടിസ്ഥാനത്തിൽ കമ്പനിക്ക് closure order നൽകിയിട്ടുണ്ട്. ഏലൂർ എടയാർ ഭാഗത്തുള്ള വ്യവസായശാലകളിൽ വിശദമായ പരിശോധന |

| | | | |
|---|---|---|---|
| | | | തുടർന്നുള്ള ദിവസങ്ങളിലും മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയിട്ടുണ്ട്. |
| (ബി) | പെരിയാറിൽ മത്സ്യങ്ങൾ ചത്തുപൊങ്ങിയതിന്റെ കാരണം തീരത്തുള്ള ഫാക്ടറികളിൽ നിന്നും വൻതോതിൽ രാസമാലിന്യം ഒഴുക്കിവിട്ടതല്ല എന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. |
| (സി) | വ്യവസായിക മലിനജലം ഒഴുക്കിവിടുമ്പോൾ അനുവർത്തിക്കേണ്ട നടപടിക്രമം പാലിക്കാതെ പെരിയാറിലേയ്ക്ക് മലിനജലം ഒഴുക്കിവിടുന്ന കമ്പനികൾക്കെതിരെ എന്തൊക്കെ നടപടികളാണ് മലിനീകരണ നിയന്ത്രണ ബോർഡ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | വ്യവസായ സ്ഥാപനങ്ങൾക്ക് നിബന്ധനകൾക്കു വിധേയമായാണ് സ്ഥാപന/പ്രവർത്തന അനുമതി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകുന്നത്. ആയതിൽ പുറത്തേക്ക് ഒഴുക്കുന്ന സംസ്കരിച്ച ജലത്തിന്റെ ഗുണനിലവാരം അളവ്, ബഹിർഗമന സംവിധാനം എന്നിവ ഉൾപ്പെടുത്തുന്നുണ്ട്. ആയത് തുടർ പരിശോധന നടത്തി ഉറപ്പുവരുത്തുന്നു. നിയമലംഘനം ശ്രദ്ധയിൽപ്പെടുമ്പോൾ 1979 ജല (The Water Prevention & Control of Pollution) നിയമ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കാറുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ വീഴ്ച വരുത്തിയ മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (ഡി) | പ്രാഥമിക അന്വേഷണത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ